# ജന്മദിനാഘോഷം എതിർക്കപ്പെടാൻ ഇനിയും ചില കാരണങ്ങൾ

- ജന്മദിനാഘോഷത്തിന് ഇസ്‌ലാമിൽ മാതൃകയുണ്ടായിരുന്നെങ്കിൽ സലഫികളായിരിക്കും ആദ്യം ആഘോഷിക്കുക എന്നത് ആമുഖമായി ബോധിപ്പിക്കട്ടെ. അതില്ലാത്തതുകൊണ്ടാണ് ഒന്നാമതായി ഈ ബിദ്അത്ത് എതിർക്കപ്പെടുന്നത്.
- അനസ്(റ)നിന്ന് നിവേദനം: നബി (സ) പറഞ്ഞു. നിങ്ങളുടെ പിതാക്കളേക്കാളും മക്കളേക്കാളും മുഴുവൻ ജനങ്ങളേക്കാളും ഞാൻ നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവനാകുന്നത് വരെ നിങ്ങളിലൊരാളുടേയും വിശ്വാസം പൂർണ്ണമാകുന്നില്ല. (ഹദീസ്)
- റസൂൽ (സ)യോടുള്ള സ്നേഹത്തിൽ പ്രധാനപ്പെട്ടത് അദ്ദേഹത്തെ അനുസരിക്കലാണല്ലോ. അവിടുന്ന് കാണിച്ച് തന്നത് മാത്രമാണ് ദീൻ. റസൂൽ ദീനിൽ കാണിക്കാത്തത് ദീനല്ല. മറിച്ച് പുത്തൻ വാദമാണ്, ബിദ്അത്താണ് ളലാലത്താണ്, നരകത്തിലേക്കുള്ള മാർഗ്ഗമാണ്.
- നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും ഞാൻ കൽപ്പിക്കാതെയും നരകത്തിലേക്ക് അടുപ്പിക്കുന്നത് വിരോധിക്കാതെയും വിട്ടിട്ടില്ല – മുഹമ്മദ് നബി (സ)..., ഇസ്‌ലാം മതം പൂർണ്ണമാണ്. – (വി.ഖു 5:3)
- നമസ്കാരത്തിലടക്കം ലോക മുസ്‌ലീംകൾ 5 നേരം നിർബന്ധമായും ഓർക്കുകയും خليل الله എന്ന പേര് ലഭിക്കുകയും കുടുംബ പരമായി നബി(സ)യോട് ഏറ്റവും അടുത്ത് നിൽക്കുന്ന നമ്മുടെ ആദർശ പിതാവാണല്ലോ ഇബ്രഹീം(അ). എന്നിട്ടും മുഹമ്മദ് നബി(സ) ഒരിക്കൽ പോലും ഇബ്രഹീം നബി(അ)യുടെ ജന്മദിനം ആചരിക്കുകയോ അതിന് കൽപ്പിക്കുകയോ ചെയ്തിട്ടില്ല.
- നബി(സ) യുടെ വഫാത്തിന് ശേഷം നാൽപ്പതിലധികം വർഷം ജീവിച്ച ആയിശ(റ) റബീഉൽ അവ്വലിൽ ജന്മദിനാഘോഷവുമായി ബന്ധപ്പെട്ട് പ്രത്യേകമായി ഒരു സൽകർമ്മവും ചെയ്തിട്ടില്ല. ആയിഷ(റ)ക്ക് നബി(സ)യോട് സ്നേഹമില്ലാത്തതുകൊണ്ടയിരുന്നില്ലല്ലോ അത്.
- നമ്മേക്കാൾ റസൂൽ(സ)യെ ഏറ്റവും അടുക്കുകയും ജീവനേക്കാൾ സ്നേഹിക്കുകയും ചെയ്തവരും ഇസ്‌ലാമിക സമൂഹത്തിന് ഉത്തമമായ നേതൃത്വം നൽകിയവരുമായ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവരാലും ഈ പുത്തനാചാരം നടത്തിയിട്ടില്ല. ഇവർ റസൂൽ(സ)യെ സ്നേഹിച്ച പോലെ നാം സ്നേഹിക്കുക. ദീനിൽ പുതിയത് കടത്തികൂട്ടിയാൽ അതിന്റെ പേര് പ്രവാചക സ്നേഹമെന്നല്ല.
- വിശുദ്ധ റമളാനിന് പുറമെ ഇസ്‌ലാം പവിത്രത കൽപ്പിച്ച നാല് മാസങ്ങളിൽ (ദുൽ ഖഅദ:, ദുൽഹിജ്ജ, മുഹർറം, റജബ്) റബീഉൽ അവ്വൽ ഇല്ല.
- ഇബ്നു ഹജറുൽ ഹൈതമി(റ) പറയുന്നു. നബിദിനത്തിന്റെ അടിസ്ഥാനം ബിദ്അത്താകുന്നു. ആദ്യ തലമുറക്കാരായ പൂർവ്വികരിൽ നിന്ന് അത് ഉദ്ദരിക്കപ്പെട്ടിട്ടില്ല. (സുന്നി വോയ്സ് 2000 ജൂലൈ 16 – 31)
- തഴവ മുഹമ്മദ് കുഞ്ഞു മൗലവി പറയുന്നു:

  മൗലീദ് കഴിക്കൽ മുമ്പ് പതിവില്ലാത്തതാ,<br>
  അത് ഹിജ്റ മുന്നൂറിന് ശേഷം വന്നതാ,<br>
  എന്നു സഖാവി പറയുന്നതായി കാണുന്നതാ,<br>
  അത് ഹലബി ഒന്നാം ഭാഗമിൽ നോക്കേണ്ടതാ. – (അൽ മവാഹിബുൽ ജലിയ്യ: വാല്യം:3, പേജ് 50)
- ഇമാം ഫാക്കിഹാനി പറയുന്നു: അത് (നബി ദിനാഘോഷം) വ്യാചവാദികളും ചില ഇഛാനുവർത്തികളും കെട്ടിയുണ്ടാക്കിയ ബിദ്അത്താകുന്നു. തീറ്റക്കൊതിയൻമാർ അത് ഏറ്റ് പിടിക്കുകയും ചെയ്തു. (അൽഹാവി ലിൽ ഫതാവാ, വാല്യം 1, പേജ് : 190.191)
- നാല് മദ്ഹബിന്റെ ഇമാമുമാർ ആരും റസൂൽ(സ)യുടെ ജന്മദിനം ആഘോഷിച്ചിട്ടില്ല. അവരാരും പഠിപ്പിക്കാത്ത ഈ പുത്തൻ ആചാരം ബിദ്അത്താണെന്ന കാര്യത്തിൽ സംശയമില്ല. ബിദ്അത്ത് ചെയ്യൽ റസൂൽ (സ) യോടുള്ള ധിക്കാരമാണ്, സ്നേഹമല്ല.
- നല്ലതാണെന്ന് കണ്ട് ഇസ്‌ലാമിൽ ആരെങ്കിലും ഒരു ബിദ്അത്ത് നിർമ്മിച്ചാൽ അവൻ വാദിക്കുന്നത് മുഹമ്മദ് നബി (സ) തന്റെ ദൗത്യത്തിൽവഞ്ചന കാണിച്ചു എന്നാണ്– ഇമാം മാലിക്ക് (റ)
- നമ്മുടെ ഈ മതത്തിൽ ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.(ബുഖാരി : 2697)
- ആരെങ്കിലും നമ്മുടെ കൽപ്പനയില്ലാതെ ഒരു കർമ്മം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്. – ഹദീസ്
- തന്റെ ബിദ്അത്ത് കയ്യൊഴിയുന്നത് വരെ ഓരോ ബിദ്അത്ത്കാരന്റെയും തൗബ അല്ലാഹു (സ്വീകരിക്കാതെ) തടഞ്ഞു വച്ചിരിക്കുന്നു. – മുഹമ്മദ്(സ)
- മുഹമ്മദ് നബി(സ) ജനിച്ച ദിവസം റബീഉൽ അവ്വൽ 12 നാണ് എന്ന വിഷയത്തിൽ പണ്ഡിതലോകത്ത് തർക്കമുണ്ട് എന്നാൽ ദുരന്തങ്ങളിൽ ഏറ്റവും വലിയ ദുരന്തമാണെന്ന് വിശേഷിക്കപ്പെട്ട മുഹമ്മദ് നബി(സ)യുടെ വിയോഗം ഈ ദിവസം ആണെന്നതിൽ സംശയമില്ലല്ലോ. ആ ദിവസം മുസ്‌ലീംകൾ ആഘോഷിക്കുകയാണോ വേണ്ടത്...?!
- താൻ ജനിച്ച ദിവസം തിങ്കളാഴ്ച നോമ്പെടുക്കാൻ ഒരു കാരണമായി മുഹമ്മദ് നബി(സ) പഠിപ്പിക്കുകയാണ് ചെയ്തത്, മറിച്ച് ആ ദിവസം ആഘോഷമാക്കാനും, വയറുനിറക്കാനും, റാലി നടത്താനും വഴിതടയാനുമായിരുന്നില്ല. റബീ. 12ന് സുന്നത്ത് നോമ്പിന്റെ ദിവസമായി വന്നാൽ ജന്മദിനാഘോഷക്കാർ നോമ്പെടുക്കുമോ അതോ വയറു നിറക്കുമോ ?
- ക്രൈസ്തവർ ഈസാ നബി(അ)യെ പുകഴ്ത്തിയതു പോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത് എന്ന് മുഹമ്മദ് നബി(സ) പറഞ്ഞത് ക്രൈസ്തവരുടെ ആചാരമായ ജന്മദിനാഘോഷം (ക്രിസ്തുമസ്) മുസ്‌ലീംകളുടെ ഇടയിലേക്ക് കടന്നുകയറുന്നത് മുന്നിൽ കണ്ടുകൊണ്ടാകുമോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.
- **മുഹമ്മദ് നബി(സ) ഇബ്രാഹീം(അ)യെ സ്നേഹിച്ചതു പോലെയും സ്വഹാബിമാർ മുഹമ്മദ് നബി(സ)യെ സ്നേഹിച്ചതു പോലെയും നമ്മളും സ്നേഹിക്കുക. ഇത്തരത്തിലുള്ള ബിദ്അത്തുകൾ ഇസ്‌ലാമിൽ കടത്തിക്കൂട്ടികൊണ്ടായിരുന്നില്ല അവരെല്ലാം സ്നേഹം പ്രകടിപ്പിച്ചത്. മറിച്ച് പ്രവാചകചര്യ ഉൾകൊണ്ടും ജീവിതത്തിൽ പകർത്തിക്കൊണ്ടും ആയിരുന്നു. അതാണ് യഥാർത്ഥ ഹുബ്ബുറസൂൽ.**

**പ്രവാചകചര്യ മാത്രം പിൻപറ്റി പ്രവാചകന്റെ കൂടെ ജന്നാത്തുൽ ഫിർദൗസിൽ പ്രവേശിക്കുന്ന ഭാഗ്യവാന്മാരിൽ ഉൾപ്പെടാൻനാഥൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.**

**ആമീൻ.**

**MUJAHID STUDENTS MOVEMENT, THRISSUR Dist.**



ROYAL 0480 2844117

# മുഹമ്മദ് നബി (സ)യുടെ ജന്മദിനാഘോഷത്തിന് ക്വുർആനിലും ചരിത്രത്തിലും തെളിവുകളുണ്ടല്ലോ.. എന്തിനീ സലഫികൾ ഞങ്ങളുടെ പ്രവാചക സ്നേഹത്തെ എതിർക്കുന്നു..??!!

അസ്സലാമു അലൈകും വ റഹ്മത്തുല്ലാഹി വ ബറകാതുഹു, സർവലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ സ്തുതിയും. വിശ്വസ്തനും നമ്മുടെ നേതാവുമായ അവന്റെ റസൂലിന് രക്ഷയും സമാധാനവും സദാവർഷിക്കുമാറാകട്ടെ, സ്രഷ്ടാവായ അല്ലാഹുവിന് അല്ലാതെ ആരാധനകളും പ്രാർത്ഥനകളും സഹായാർത്ഥനകളും കർമങ്ങളും അർപ്പിക്കല്ലെ എന്ന് ആമുഖമായി ഓർമിപ്പിക്കട്ടെ.

മുൻപൊക്കെ നല്ലതല്ലെ..എന്താ കുഴപ്പം..നല്ല ബിദ്അത്തല്ലെ...സ്നേഹമല്ലെ.. എന്നു തുടങ്ങിയ യുക്തി ന്യായങ്ങളായിരുന്നു ജന്മദിനാഘോഷക്കാർക്കുണ്ടായിരുന്നത്. എന്നാൽ ഈയിടെയായി ക്വുർആനിൽ നിന്നും ചരിത്രത്തിൽ നിന്നും പ്രവാചകനൊ(സ) സ്വഹാബത്തൊ ഇമാമീങ്ങളൊ പറഞ്ഞിട്ടില്ലാത്ത വിധം ദുർവ്യാഖ്യാനിച്ച് ജന്മദിനാഘോഷത്തിന് തെളിവുകൾ കണ്ടെത്താൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ് അത്തരത്തിലുള്ള ചില ദുർന്യായങ്ങളും അതിന്റെ യാഥാർത്ഥ്യങ്ങളും തുടരെ ചേർകുന്നു. നാഥൻ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

**1) നബി(സ) തങ്ങളുടെ ജന്മത്തിൽ സന്തോഷിച്ച് സുവൈബത്ത് എന്ന അടിമപ്പെണ്ണിനെ അബൂ ലഹബ് മോചിപ്പിക്കുകയുണ്ടായതിനാൽ കൊടും കാഫിറായ അബൂ ലഹബിന് എല്ലാ തിങ്കളാഴ്ച്ചയും നരക ശിക്ഷയിൽ നിന്ന് ഒരു ചെറിയ ഇളവ് നല്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ടല്ലോ..കാഫിറിനു പോലും ഇളവുണ്ടെങ്കിൽ മുഅ്മിനിന് അതിഗംഭീര പ്രതിഫലം ലഭിക്കില്ലെ..?**

സുവൈബത്ത് എന്ന അടിമ സ്ത്രീയെ മൊചിപ്പിച്ചതിനാൽ അബൂ ലഹബിന് നരഗത്തിൽ വെള്ളം കിട്ടുമെന്ന് അവൻ പറഞ്ഞതായി മരണ ശേഷം അബൂലഹബിന്റെ ഒരു ബന്ധു സ്വപ്നം കണ്ടുവത്രെ..പറഞ്ഞത് അബൂ ലഹബ്, അതും സ്വപ്നത്തിൽ..സ്വപ്നം കണ്ടതാരാനെന്നും വ്യക്തമല്ല, വല്ലാത്ത തെളിവ് തന്നെ..മാത്രമല്ല, ഇത് ജന്മദിനവുമായി ബന്ധപ്പെടുത്തുന്നത് ഒരു തട്ടിപ്പിലൂടെയാണ്. ഈ വാദം ചരിത്ര വിരുദ്ധമാണെന്ന് ഫതഹുൽ ബാരിയിൽ (11/403) തന്നെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ, ഈ ഹദീസിനെ പറ്റി ഫതഹുൽ ബാരിയിൽ പറയുന്നത് കാണുക..

> സത്യനിഷേധിക്ക് പരലോകത്ത് വച്ച് തന്റെ കർമങ്ങൾ ചിലപ്പോൾ പ്രയോചനപ്പെട്ടേക്കാം എന്ന് ഈ ഹദീസ് അറിയിക്കുന്നുണ്ടെങ്കിലും അത് ക്വുർആനിന്റെ വ്യക്തമായ ആശയത്തിന് കടക വിരുദ്ധമാണ്, കാരണം അല്ലഹു പറഞ്ഞു: " അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും (ഫുർഖാൻ:23). ഒന്നാമതായി ഇതിനുള്ള മറുപടി ഇതാണ്.ഈ റിപ്പോർട്ട് (അസ്വീകാര്യമായ ഹദീസുകളിൽ പെട്ട) മുർസൽ ആണ്. തന്നോട് ആരാണ് ഇത് പറഞ്ഞത് എന്ന് ഉർവ പറഞ്ഞിട്ടില്ല.ഇനി ഈ റിപ്പോർട്ട് പരമ്പര ചേർക്കപ്പെട്ടതാണെന്ന് സങ്കൽപ്പിച്ചാൽ തന്നെയും ഇതിലുള്ളത് ഒരു സ്വപ്നം കണ്ടു എന്നതാണ്, സ്വപ്നമാകട്ടെ (ഇസ്‌ലാമിൽ) യാതൊരു തെളിവുമല്ല താനും. ഒരു പക്ഷെ ആ സ്വപ്നം കണ്ട വ്യക്തി അപ്പോൾ വരെയും മുസ്‌ലീം ആയിട്ടുണ്ടായിരിക്കയില്ല. അപ്പൊഴും അത് തെളിവിന് പറ്റുകയില്ല.(ഫതഹുൽ ബാരി: 11/404).

റസൂൽ(സ) യുടെ മുഖ്യ ശത്രു അബൂലഹബിനെയാണൊ ഉറ്റ ചങ്ങാതി അബൂബക്കർ(റ)നെയാണൊ നാം മാതൃകയാക്കേണ്ടത് എന്ന് സ്വന്തമായി ആലോചിക്കുക. എന്നാൽ നാല് ഖലീഫമാരാരും നബി(സ)യുടെ ജന്മദിനാഘോഷം കൊണ്ടാടിയിട്ടില്ല, അവർകൊന്നും റസൂൽ(സ) യോട് സ്നേഹമില്ലാഞ്ഞിട്ടല്ല, മറിച്ച് അത്ര മാത്രം ബിദ്അതുകളെ വെറുത്തത് കൊണ്ടാണ്.

**2) ഖദീജ(റ) യുടെ മൗലീദ് നബി(സ) നിർവഹിച്ചതായി ആയിഷ(റ) ഉദ്ധരിച്ച ഹദീസിൽ വന്നിട്ടുണ്ടല്ലോ..?**

ആയിഷ (റ) ന്റെ ചില വാക്കുകൾ അടങ്ങിയ ഒരു ഹദീസാണ് ഇത്തരത്തിലുള്ള ദുർവ്യാഖ്യാനങ്ങൾക്ക് ചിലരൊക്കെ ഉദ്ധരിക്കാറുള്ളത്. ഹദീസിന്റെ വരികൾ കാണുക.

*"നബി(സ) യുടെ ഭാര്യമാരിൽ ഖദീജ(റ)യോടുള്ള അത്ര കോപം മറ്റൊരാളോടും എനിക്കുണ്ടായിട്ടില്ല. ഞാനാണെങ്കിൽ ഖദീജ(റ)യെ കണ്ടിട്ടു പോലുമില്ല. നബി(സ) പലപ്പോഴും ഖദീജ(റ)യെ അനുസ്മരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുമായിരുന്നു. ചിലപ്പൊഴെല്ലാം നബി(സ) ആടറുത്ത് ഖദീജയുടെ സ്നേഹിതകൾക്ക് വിതരണം ചെയ്യുമായിരുന്നു. ഇതെല്ലാം കാണുമ്പോൾ ഞാൻ പറയും. 'ദുനിയാവിൽ ഖദീജയല്ലാത്ത പെണ്ണില്ലെന്ന് തോന്നുന്നു'. അപ്പോൾ നബി(സ) പറയും ഖദീജ പല ഉൽകൃഷ്ട ഗുണങ്ങളുള്ളവളായിരുന്നു. അവളിൽ എനിക്ക് സന്താനങ്ങളുണ്ടായിട്ടുണ്ട്". (ബു.മു)*

ഭാര്യമാരോടുള്ള ആദരവും സ്നേഹവും പരിഗണിച്ച് അവരുടെ സ്നേഹിതകൾക്ക് വീട്ടിലുണ്ടാക്കുന്ന വിഭവങ്ങൾ കൊടുക്കൽ പുണ്യകരമാണ് എന്നാണ് ഈ ഹദീസ് നല്കുന്ന പാഠം, അതിലപ്പുറം ഒരു ജന്മദിനാഘോഷവും മൗലിദുകഴിക്കലും ഇതിലില്ല. മാത്രമല്ല ഇപ്രകാരം ചെയ്തത് ഖദീജ(റ) യുടെ ജന്മദിനമൊന്നും നോക്കിയായിരുന്നില്ല. മറിച്ച് എപ്പോഴെങ്കിലും വീട്ടിൽ അറവ് നടത്തുമ്പോഴായിരുന്നു. അക്കാര്യം ഹദീസിൽ പറയുന്നുമുണ്ട്. ഹദീസിന്റെ അർത്ഥത്തിൽ തന്നെ "പലപ്പൊഴും , ചിലപ്പൊഴെല്ലാം" എന്ന പ്രയോഗം അതാണ് അറിയിക്കുന്നത്. ഇത് എല്ലാ വർഷവും ജന്മദിനം നോക്കി നടത്തുന്ന മാംസ വിതരണമായിരുന്നെങ്കിൽ പറയേണ്ടിയിരുന്നത് 'എല്ലാ വർഷവും' എന്നോ 'ജന്മദിനത്തിൽ' എന്നോ ആണ്. ഇതോടെ തന്നെ ജന്മദിനാഘോഷക്കാരുടെ വാദം തകരുകയാണ് ചെയ്യുന്നത്. കാരണം നമ്മുടെ തർക്കം ജന്മദിനം നോക്കി അറവ് നടത്തുന്നതും മാംസ വിതരണം നടത്തുന്നതുമാണ്. അത് കൊണ്ട് തന്നെ ജന്മദിനാഘോഷത്തിന് ഇവിടെയും തെളിവില്ല.

നമ്മുടെ പിതാവിന്റെ ഉറ്റ സുഹൃത്തിനെ അങ്ങാടിയിൽ വെച്ച് നാം കണ്ട് മുട്ടിയാൽ, ഇത് എന്റെ ഉപ്പയുടെ പ്രിയപ്പെട്ട സുഹൃത്തായിരുന്നു എന്ന് കരുതി നാം ചായയോ പലഹാരങ്ങളോ വാങ്ങി കൊടുക്കാറുണ്ട്. അവർ നമ്മുടെ വീട്ടിൽ വന്നാൽ ഭക്ഷണത്തിന് നിർബന്ധിക്കും. അയാൾ നമ്മുടെ അയൽവാസി കൂടിയാണെങ്കിൽ വീട്ടിലുണ്ടാക്കുന്ന സ്പെഷ്യൽ വിഭവങ്ങൾ അവർക്കെത്തിച്ചു കൊടുക്കും. ഇതിനെ ആരെങ്കിലും മൗലീദ് എന്നോ ഉപ്പയുടെ ജന്മദിനാഘോഷം എന്നോ പറയാറുണ്ടോ? ഇത്ര മാത്രമേ സ്വന്തം സ്നേഹനിധിയായ ഭാര്യയുടെ കാര്യത്തിൽ നബി (സ) യും ചെയ്തിട്ടുള്ളൂ. മാത്രമല്ല 'നബി(സ) അവരെ എപ്പൊഴും ഓർക്കുകയും പ്രകീർത്തിക്കുകയും ചെയ്യും' എന്ന ഹദീസിലെ പ്രയോഗത്തിൽ നിന്നു തന്നെ ഇത് അവരുടെ ജന്മദിനമോ ചരമദിനമോ നോക്കിയായിരുന്നില്ലെന്നും വ്യക്തമാണ്. മാത്രമല്ല, ഈ ഹദീസ് നമ്മെളേക്കാൾ മുൻപ് കേട്ട സലഫുസ്സ്വാലിഹീങ്ങളാരും ഇതനുസരിച്ച് ജന്മദിനാഘോഷം നടത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

**3) കഅ്ബ് ബിൻ സുഹൈർ(റ) റസൂൽ(സ)യുടെ മൗലീദ് ഓതിയപ്പോൾ തന്റെ പുതപ്പ് കഅ്ബിന് സമ്മാനിച്ചുവല്ലോ, അപ്പൊ മൗലീദ് ഓതാനും അതിന് പ്രതിഫലം സ്വീകരിക്കാനും ഈ ഹദീസ് തെളിവല്ലെ.?**

യഥാർത്ഥത്തിൽ കഅ്ബ് ബിൻ സുഹൈർ(റ) ആദ്യത്തിൽ നബി(സ)യുടെ കഠിന ശത്രുവും കവിതകളിലൂടെ നബി(സ)യെ കണക്കിന് ദ്രോഹിക്കുകയും ചെയ്ത ആളായിരുന്നു. അങ്ങിനെ അത് ഇസ്‌ലാമിക പ്രബോധന രംഗത്ത് വല്ലാത്ത പ്രയാസമുണ്ടാക്കിയപ്പോൾ കഅ്ബിനെ എവിടെ കണ്ടാലും വധിച്ച് കളയാൻ നബി(സ) ഉത്തരവിട്ടു. കഅ്ബിന്റെ സഹോദരൻ ബുജൈർ ബിൻ സുഹൈർ(റ) സ്വഹാബിയായിരുന്നു. അദ്ദേഹം കഅബിന് എഴുതി :"സഹോദരാ, നിന്റെ സഹോദരനെ അനുസരിച്ചാൽ ഇഹലോകത്തിൽ വധശിക്ഷയിൽ നിന്നും പരലോകത്ത് ശാശ്വതമായ നരക ശിക്ഷയിൽ നിന്നും രക്ഷപ്പെടാം. അതിനാൽ നീ ഇസ്‌ലാം മതം സ്വീകരിക്കുക" ഇതായിരുന്നു ആ കത്തിലെ വാചകം. ഈ കത്ത് കണ്ടപ്പോൾ അദ്ദേഹത്തിന് മനസ്സിലായി, നബി(സ) തന്നെ വധിക്കാൻ ഉത്തരവിട്ടിരിക്കുന്നു എന്ന്. ഉടനെ അദ്ദേഹത്തിന് കുറ്റബോധം തോന്നുകയും അങ്ങനെ വേഷം മാറി ആകെ മൂടിപ്പുതച്ച് നബി(സ) യുടെ സദസ്സിലെത്തുകയും തന്റെ മന:പരിവർത്തനം അറിയിക്കാൻ വേണ്ടി നബി(സ)യെ പുകഴ്ത്തിക്കൊണ്ടുള്ള 'ബാനത് സുആദാ' എന്ന വിശ്വപ്രസിദ്ധ കവിത ആലപിക്കുകയും ചെയ്തു. ശേഷം അദ്ദേഹം നബി(സ)യോട് മാപ്പ് ചോദിക്കുകയും ഞാൻ താങ്കളെയും ഇസ്‌ലാമിനെയും കവിതകളിലൂടെ ഉപദ്രവിച്ച കഅ്ബ് ബിൻ സുഹൈർ ആണെന്നു പറയുകയും ചെയ്തു.

ഉടനെ നബി(സ) അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയും ചെയ്തു. പക്ഷെ, കഅ്ബ് (റ) ഇപ്പോൾ പുറത്തിറങ്ങിയാൽ അദ്ദേഹം ഇസ്‌ലാം മതം സ്വീകരികരിച്ച വിവരം അറിയാത്ത സ്വഹാബികൾ അദ്ദേഹത്തെ കണ്ടാൽ വധിച്ച് കളയുക തന്നെ ചെയ്യും. ഇനി എന്തുണ്ട് മാർഗ്ഗം ?. നബി(സ) തന്നെ അതിനുള്ള പരിഹാരം കണ്ടു. അവിടുന്ന് സാധാരണയായി ശരീരത്തിൽ ചുറ്റിപ്പൊതിയാറുണ്ടായിരുന്ന പുതപ്പ് (ഷാൾ) കഅ്ബിന്റെ പുറത്തിട്ടുകൊടുത്തു. ഇത് കാണുമ്പോൾ സ്വഹാബികൾ ചിന്തിക്കും റസൂൽ(സ)യുടെ ശരീരത്തിൽ സാധാരാണയായി കാണാറുള്ള പുതപ്പ് കഅ്ബിനു കിട്ടണമെങ്കിൽ അദ്ദേഹം റസൂലുമായി ബന്ധപ്പെട്ടിരിക്കണം. അങ്ങിനെ അദ്ദേഹത്തിന് മാപ്പും കൊടുത്തിരിക്കാം എന്നനുമാനിച്ച് അദ്ദേഹത്തെ അവർ വധത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്യാൻ വേണ്ടി ആയിരുന്നു ആ പുതപ്പ് കൈമാറ്റം. അല്ലാതെ മുസ്‌ലിയാക്കന്മാർ ദുർവ്യാഖ്യാനിക്കുന്നത് പോലെ മൗലീദ് പാരായണതിന്റെ കൈമടക്കായിരുന്നില്ല അത്. മാത്രമല്ല ഇത് നടക്കുന്നത് റബീഉൽ അവ്വൽ മാസത്തിലോ 12 നോ ആയിരുന്നില്ല താനും. എങ്കിലല്ലേ അത് നബി ദിനാഘോഷത്തിനും അന്നത്തെ മദ്ഹ് പാരായണത്തിനും തെളിവാകൂ.!!

**4) സദുപദേശവും ഹൃദയങ്ങളിലുള്ളവയുടെ ചികിത്സയും നേർവഴിയും അനുഗ്രഹവും വന്നെത്തിയിരിക്കുന്നു എന്നും അതിനാൽ സന്തോഷിച്ചു കൊള്ളുക എന്നും മുഹമ്മദ് നബി(സ)യെ പറ്റി ക്വുർആനിൽ പറഞ്ഞിട്ടില്ലെ.? ഞങ്ങൾ സന്തോഷിക്കുന്നല്ലെയുള്ളു.?**

*മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു). പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടികൊണ്ടിരിക്കുന്ന തിനെക്കാൾ ഉത്തമമായിട്ടുള്ളത്. (സു- യൂനസ്:57,58)*

ഏറെ ദുർവ്യാഖ്യാനിക്കപ്പെടുന്ന ഒരു ആയത്താണിത്. അല്ലാഹുവിന്റെ റസൂൽ(സ)യൊ സഹാബത്തൊ ഇമാമീങ്ങളൊ സലഫുസ്സ്വാലിഹീങ്ങളൊ പഠിപ്പിക്കാത്ത ഒരാശയം ഇതിൽ നിന്നും പലരും ദുർവ്യാഖ്യാനിച്ചെടുക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ ഈ ജന്മദിനാഘോഷക്കാർ 100% അംഗീകരിക്കുന്ന തിരൂരങ്ങാടി ഖാസി പൊന്നാനി അബ്ദുറഹ്മാൻ മഖ്ദൂമി പോലും ഈ ആയത്തിനെ വിശദീകരിക്കുന്നത് കാണുക,

**അർത്ഥം**: ജനങ്ങളെ, തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ നാഥങ്കൽ നിന്നുള്ള തത്വോപദേശങ്ങളും ഹൃദയങ്ങളിലുള്ള രോഗങ്ങൾക്ക് ശമനൗഷധവും മാർഗ ദർശനവും സത്യവിശ്വാസികൾക്ക് കാരുണ്യവും വന്നു കിട്ടിയിരിക്കുന്നു. പറയുക, അല്ലാഹുവിന്റ അനുഗ്രഹവും കാരുണ്യവും കൊണ്ട് മാത്രമാണ് (അത് വന്നു കിട്ടിയിട്ടുള്ളത്) അതിനാൽ അത് ലഭിച്ചവർ സന്തോഷിക്കട്ടെ. അവർ ഒരുക്കൂട്ടി വെക്കുന്നതിനെക്കാൾ അത്യുത്തമമാണത്. (സു- യൂനസ്:57,58)

**വിശദീകരണം**: വിശുദ്ധ ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ള സദുപദേശമാണ്. ഹൃദയങ്ങളിലുള്ള സത്യനിഷേധം, കാപട്യം, സംശയം തുടങ്ങിയ രോഗങ്ങൾക്കുള്ള സിദ്ധൗഷധമാണ്, സന്മാർഗ ദർശനമാണ്, സത്യവിശ്വാസികൾക്കുള്ള കാരുണ്യമാണ് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും കാരുണ്യവും കൊണ്ടാണ് നമുക്കത് ലഭിച്ചിട്ടുള്ളത്. അത് കൊണ്ട് നാം സന്തോഷിക്കുകയും അതനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുകയും വേണം. മനുഷ്യർ ശേഖരിക്കുന്ന സമ്പത്തുകളെക്കാളും സുഖസജ്ജീകരണങ്ങളെക്കാളും എന്ത് കൊണ്ടും അത്യുത്തമമാണത്. (ഫതഹുൽ അലീം 1-451, പേജ്: 462)



വിശുദ്ധ ക്വുർആനെ പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നത് എന്ന് വ്യക്തമാണ്. ഇനി വാദത്തിന് തൽകാലം ഇത് പ്രവാചകനെയാണ് ഉദ്ദേശിക്കുന്നത് എന്ന് വെറുതെ സങ്കൽപ്പിച്ചാൽ പോലും ഇന്ന് കാട്ടിക്കൂട്ടുന്ന ബിദ്അത്തുകൾക്കും റാലികൾക്കും മറ്റു ബഹളങ്ങൾക്കും ഇവിടെയും തെളിവില്ലല്ലൊ.. പ്രവാചകനെ പിന്തുടർന്ന് ജീവിതത്തെ നന്നാക്കനല്ലെ അർത്ഥമാക്കുന്നുള്ളു. ഓരോരുത്തർക്കും തോന്നിയത് പോലെ ക്വുർആൻ ദുർവ്യാഖ്യാനിക്കുമ്പോൾ വിശുദ്ധ ക്വുർആൻ തന്നെ നമുക്കെതിരെ സാക്ഷി പറയുന്ന ദിനത്തെ മറക്കാതിരിക്കുക.

**2) വിശുദ്ധ ക്വുർആനിൽ നബി(സ)യുടെ മഹത്വങ്ങൾ പരസ്യമാക്കാൻ കൽപന ഉണ്ടല്ലോ. അതല്ലെ മൗലീദിൽ ചെയ്യുന്നുള്ളൂ.??**

സൂറത്തുൽ അഹ്സാബിലെ 56-ാം ആയത്താണ് ഇങ്ങനെ ദുർവ്യാഖ്യാനിക്കപ്പെടാറുള്ളത്. ഈ ആയത്തിൽ റബീഉൽ അവ്വൽ 12 ന് ജന്മദിനാഘോഷവും മൗലീദുകിതാബ് എന്ന പേരിൽ ആരൊ കെട്ടിച്ചമച്ചുണ്ടാക്കിയ പുസ്തകങ്ങൾ ഓതി പണം വാങ്ങാനും അതിന് പ്രതിഫലമുണ്ടെന്നതിനും എവിടെ തെളിവ്?!!

ഇവർ അംഗീകരിക്കുന്ന നേതാവ് കെ.വി. മുഹമ്മദ് മുസ്‌ലിയാർ കൂറ്റനാട് കൊടുത്ത അർത്ഥവും വ്യാഖ്യാനവും കാണുക.

**അർത്ഥം** : നിശ്ചയമായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ സലാത്ത് നിർവഹിക്കുന്നുണ്ട്, സത്യ വിശ്വാസികളെ, നബിയുടെ മേൽ നിങ്ങളും സ്വലാത്തും സലാമും ചൊല്ലുക. (സു- അഹ്സാബ്:56)

**വ്യാഖ്യാനം** : അല്ലാഹു നബിയുടെ മേൽ സ്വലാത്ത് നിർവ്വഹിക്കുക എന്നത് മലക്കുകളുടെ അടുത്ത് വെച്ച് നബി (സ) യെ പ്രശംസിക്കലാണെന്നും മലക്കുകൾ സലാത്ത് ചൊല്ലുക എന്നത് അവർ നബിക്ക് വേണ്ടി പ്രാർത്ഥിക്കലാണെന്നും ഇമാം അബുൽ ആലിയ(റ) പ്രസ്താവിച്ചതായി ഇമാം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ സ്വലാത്ത് അവന്റെ കാരുണ്യവർഷമാണെന്നും വ്യാഖ്യാനമുണ്ട്. സത്യവിശ്വാസികൾ സ്വലാത്ത് ചൊല്ലുക എന്നത് നബി(സ)ക്ക് അല്ലാഹുവിങ്കൽ നിന്ന് കാരുണ്യം ചൊരിച്ചുകൊടുക്കുവാനായി പ്രാർത്ഥിക്കലാണ്. സലാം എന്ന വാക്കിന് സമാധാനം, ശാന്തി, രക്ഷ എന്നീ അർത്ഥങ്ങളുണ്ട്. നബിക്ക് സലാം ചൊല്ലുക എന്നതിന്റെ വിവക്ഷ നബിക്ക് ശാന്തിയും സമാധാനവും വർദ്ധിപ്പിച്ച് കൊടുക്കാൻ വേണ്ടി പ്രാർത്ഥിക്കലാണ്. നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിനെപ്പറ്റിയും അത് വർദ്ധിപ്പിക്കുന്നതിനെപറ്റിയും അനേകം ഹദീസുകൾ വന്നിട്ടുണ്ട്. എന്റെ മേൽ ഒരാൾ ഒരു പ്രാവശ്യം സലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് പ്രാവശ്യം കരുണ ചെയ്യുമെന്നു നബി(സ) അരുളി ചെയ്തിരികുന്നു. തന്റെ പേർ കേൾക്കുമ്പോൾ സലാത്ത് ചൊല്ലാത്തവൻ വലിയ ലുബ്ധനാണെന്ന് മറ്റൊരു (തുർ.) ഹദീസിലുണ്ട്

പുതിയ ദുർവ്യാഖ്യാനികൾ ആയത്തിനെ വളച്ചൊടിക്കുമ്പോൾ തങ്ങളുടെ മുൻഗാമികളുടെ വ്യാഖ്യാനമെങ്കിലും ഒന്നു വായിച്ചു നോക്കിയിരുന്നെങ്കിൽ നന്നായിരുന്നു എന്ന് ഓർമിപ്പിക്കട്ടെ. എന്നാൽ നബി(സ) പഠിപ്പിച്ചത് നമുക്കെല്ലാം പരിചയമുള്ള നമസ്കാരത്തിലടക്കം ഓതാറുള്ള ഇബ്രാഹിമിയ്യ സ്വലാത്താണ്. സ്വഹീഹുൽ ബുഖാരി കാണുക:

കഅബ് ബിൻ ഹുജ്റ(റ) നിവേദനം. നബി(സ) ഞങ്ങളിലേക്ക് കടന്ന് വന്നു. അപ്പോൾ ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂദരെ, താങ്കൾക്ക് സലാം പറയേണ്ടതെങ്ങിനെയെന്ന് ഞങ്ങൾക്കറിയാം, എന്നാൽ അങ്ങേക്ക് വേണ്ടി സലാത്ത് ചൊല്ലേണ്ടതെപ്രകാരമാണ്? നബി(സ) പറഞ്ഞു: ***അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദ് കമാ സ്വല്ലൈത്ത അലാ ഇബ്രാഹീമ വ അലാ ആലി ഇബ്രാഹീം ഇന്നക ഹമീദുമ്മജീദ്, അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദ് കമാ ബാറക്ത അലാ ഇബ്രാഹീമ വ അലാ ആലി ഇബ്രാഹീം ഇന്നക ഹമീദുമ്മജീദ്*** (സഹീഹുൽ ബുഖാരി: ഹദീസ് നമ്പർ : 6357)

ഇതിന് പുറമെ സ്വലാത്തെന്ന പേരിൽ റസൂൽ(സ) പഠിപ്പിക്കാത്തവ, അദ്ദേഹത്തിന്റെ പേരിൽ ആരോ ചില പുത്തൻ വാദികൾ കെട്ടിച്ചമച്ചുണ്ടാക്കിയ വാറോലകളാണ്. അത് ദീനിൽ പെട്ടതല്ല, മറിച്ച് ബിദ്അത്താണ് ളലാലത്താണ്. പലതിലും റസൂൽ(സ)യോടുള്ള പ്രാർത്ഥന പോലും വരുന്നുണ്ട്, ചില ശിർക്കൻ വരികളും. നഊദു ബില്ലാ.

സത്യം ബോധ്യമായിട്ടും ജീവിതത്തിൽ ഉൾക്കൊള്ളാനും സുന്നത്ത് പിൻപറ്റി ബിദ്അത്തുകളെ വെടിയാനും തയ്യാറായില്ലെങ്കിൽ ദുനിയാവിലെ കൂട്ടുകാരും വീട്ടുകാരും കൂട്ടിനില്ലാത്ത ദിവസം മുഹമ്മദ് നബി (സ)യുടെ ശുപാർശ പോലും ലഭിക്കാത്ത നഷ്ടക്കാരിൽപ്പെട്ടുപോകുമെന്നത് മറക്കാതിരിക്കുക.

ജന്മദിനാഘോഷത്തെ പറ്റി പരാമർശിക്കുന്ന എല്ലാ വാദങ്ങളും, യാഥാർത്ഥ്യങ്ങളും പ്രാമാണികമായി കൂടുതൽ അറിയുവാൻ സത്യ സത്യസന്ദേശം പബ്ലിക്കേഷൻസ് പുറത്തിറക്കിയ **"നബിദിനാഘോഷം ഇസ്‌ലാമിക വീക്ഷണത്തിൽ"** എന്ന പുസ്തകം വായിക്കുക, സത്യം സത്യമായി തന്നെ മനസ്സിലാക്കാനും മുഹമ്മദ് നബി (സ)യുടെ ശുപാർശ ലഭിക്കാനും മഹത്തായ ജന്നാത്തുൽ ഫിർദൗസിൽ സ്ഥാനം നേടാനും നാഥൻ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ